


.facebook.com/palakkadpolice
www.twitter.com/DpcPalakkad

# 10കിലോ ഗ്രാം കഞ്ചാവുമായി കമ്പം സ്വദേശി പിടിയിൽ

10 കിലോഗ്രാം കഞ്ചാവുമായി കമ്പം സ്വദേശിയെ വാളയാർ അതിർത്തിയിൽ നിന്നും പാലക്കാട് ലഹരി വിരുദ്ധ സ്ക്വാഡ് പിടികൂടി.തമിഴ്നാട്, കമ്പം, തേനി സ്വദേശി അളക് രാജ വ : 27ആണ് പിടിയിലായത്.



10 കിലോ കഞ്ചാവുമായി തമിഴ്നാട് സ്വദേശി അറസ്റ്റിൽ

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPSന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP ബാബു തോമസിന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ അഞ്ച് ലക്ഷം രൂപയോളം വില വരും.

വാളയാർ, കഞ്ചിക്കോട്, പാലക്കാട് മേഖലകൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാന തൊഴിലാളികൾ , സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്ക് വിൽപ്പന നടത്താൻ കൊണ്ടുവന്നതാണ്. കമ്പത്തു നിന്നും ബസ് മാർഗ്ഗം വാളയാറെത്തി ഇടപാടുകാർക്ക് കൈമാറാൻ നിൽക്കുന്ന സമയത്താണ് പിടിയിലായത്.

പാലക്കാട് DySP സാജു എബ്രഹാം, വാളയാർ സബ് ഇൻസ്പെക്ടർ മനോജ് ഗോപി , ASI. അനിൽകുമാർ, CPO ഷാദുലി, ഹോം ഗാർഡ് സച്ചിദാനന്ദൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ SI. S. ജലീൽ, R.കിഷോർ, K അഹമ്മദ് കബീർ, R.വിനീഷ്, S. ഷനോസ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

..........................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT